**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 684** **04.03.2020-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാരുടെ വായ്പകുടിശ്ശിക എഴുതിതള്ളൽ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.യു. ആർ. പ്രദീപ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |
| എ) | 2014 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പട്ടികവർഗ്ഗക്കാരുടെ വായ്പകുടിശ്ശിക എഴുതിതള്ളുന്നതിന് പ്രഖ്യാപനം നടത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് എത്ര കോടി രൂപ ഈ ആവശ്യത്തിന് അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്; ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിനുവിരുദ്ധമായി വായ്പ കുടിശ്ശിക തീയതിയിൽ മാറ്റം വരുത്തിയിരുന്നുവോ; ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) | പട്ടികവർഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ എടുത്തിട്ടുള്ളതും 01-04-2006 മുതൽ 31-03-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും, പിഴപലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിതള്ളുന്നതിന് 01/10/2015 ലെ സ.ഉ(അ)നമ്പർ.71/2015/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 39,52,41,000/-രൂപ ടി കോർപ്പറേഷനിൽ നിക്ഷേപിച്ചിട്ടുണ്ട്. അർഹരായ 3275 പട്ടികവർഗ്ഗക്കാരുടെ 9,17,34,154/- രൂപയുടെ കടം എഴുതി തള്ളിയിട്ടുണ്ട്. വായ്പ കുടിശ്ശിക തീയതിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| ബി) | ഈ ഉത്തരവുപ്രകാരം വായ്പ കുടിശ്ശിക എഴുതിതള്ളിയവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ; | ബി) & സി) | വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നതാണ്. |
| സി) | കാട്ടുനായ്ക്കർ, ചോലനായ്ക്കർ, പണിയ വിഭാഗം തുടങ്ങിയ വിഭാഗങ്ങൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ; | | |

| | | | |
|---|---|---|---|
| ഡി) | എത്ര ജില്ലകളിലെ ഗുണ ഭോക്താക്കൾക്കാണ് വായപകടിശ്ശിക എഴുതിതള്ളിയതിന്റെ പ്രയോജനം ലഭിച്ചതെന്ന് വെളിപ്പെടുത്താമോ; | ഡി) | കൊല്ലം, ആലപ്പുഴ ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ അർഹരായ 3275 പട്ടികവർഗ്ഗക്കാരുടെ 9,17,34,154/- രൂപയുടെ കടം എഴുതി തള്ളിയിട്ടുണ്ട്. |
| ഇ) | അനർഹർക്കാണ് വായ്പകുടിശ്ശിക എഴുതിതള്ളിയതിന്റെ ആനുകൂല്യം ലഭിച്ചത് എന്ന മാധ്യമ വാർത്തകൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | ഇ) | അനർഹർക്കാണ് വായ്പകുടിശ്ശിക എഴുതിതള്ളിയതെന്ന് മാധ്യമ വാർത്തകൾ 2016 വർഷത്തിൽ പ്രചരിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിൽ അന്വേഷണം നടത്തുകയുണ്ടായി. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കുന്നതിൽ മാനന്തവാടി ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് അധികൃതരുടെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ചകളാണ് ആരോപണങ്ങൾക്ക് അടിസ്ഥാനമായിട്ടുള്ളത്. ശ്രീ.കേളു.പി.ആർ, ബാബു.സി, ബിന്ദു.ടി.കെ എന്നിവരുടെ കാലാവധി പൂർത്തീകരിക്കാത്ത ലോൺ എഴുതി തള്ളിയതായും, രാജൻ.സി., ദേവകി,കെ.കെ. എന്നിവരുടെ 2 ലോണുകൾ വീതം എഴുതി തള്ളിയതായും, ബാബു.സിയുടെയും ഭാര്യ ബിന്ദു.ടി.കെ.യുടെയും ലോൺ എഴുതി തള്ളുകവഴി ഒരു കുടുംബത്തിലെ ഒന്നിൽ കൂടുതൽ പേരുടെ ലോൺ എഴുതി തള്ളിയതായും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം എഴുതി തള്ളിയ മുഴുവൻ തുകയും പത്രവാർത്ത വന്നതിനു ശേഷം 8/11/16 ൽ ബാങ്കിൽ തിരിച്ചടച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ